# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2469** | **05/02/2018-ൽ മറുപടിയ്ക്ക്**

## കേരള ബാങ്കിന് ഉപാധികളോടെ പ്രവർത്തന അനുമതി നൽകാൻ റിസർവ് ബാങ്ക് തീരുമാനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കേരളബാങ്കിന് ഉപാധികളോടെ പ്രവർത്തന അനുമതി നൽകാൻ റിസർവ് ബാങ്ക് തീരുമാനമുണ്ടോ; എങ്കിൽ ഉപാധികൾ എന്തൊക്കെയാണെന്നുള്ള വിശദാംശങ്ങൾ നൽകുമോ; | (എ) | സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും ലയിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന് തത്വത്തിലുള്ള അനുമതിയ്ക്കായി റിസർവ്വ് ബാങ്കിനും നബാർഡിനും അപേക്ഷ നൽകിയിട്ടുണ്ട്. ഇതിനായി നബാർഡിന്റെ നിർദ്ദേശാനുസരണമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും ലയിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന് പാലിക്കേണ്ട നടപടികൾ റിസർവ്വ് ബാങ്ക് അറിയിച്ചിട്ടില്ല. |
| (ബി) സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും യഥാക്രമം എത്ര ശാഖകൾ വീതം ലയിപ്പിച്ചാണ് കേരള ബാങ്ക് ആരംഭിക്കുക; വിശദാംശം ലഭ്യമാക്കുമോ; | (ബി) | 14 ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും ലയിപ്പിച്ചാണ് കേരള സഹകരണ ബാങ്ക് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) ലയിപ്പിക്കുന്ന സഹകരണ ബാങ്കുകൾ ഇപ്പോൾ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്; എങ്കിൽ എത്ര രൂപയുടെ നഷ്ടം എന്നും പ്രസ്തുത നഷ്ടം സർക്കാർ വഹിക്കുമോയെന്നും അറിയിക്കുമോ; | (സി) | 31.03.2017 ലെ കണക്കനുസരിച്ച് ലയിപ്പിക്കുന്ന സഹകരണ ബാങ്കുകളിൽ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കും സംസ്ഥാന സഹകരണ ബാങ്കും അറ്റനഷ്ടത്തിലാണ്. എന്നാൽ സംസ്ഥാന സഹകരണ ബാങ്ക് കഴിഞ്ഞ 3 വർഷമായി ലാഭത്തിലാണ്. സംസ്ഥാന സഹകരണ ബാങ്ക് തൻവർഷം 89.46 കോടി രൂപ പ്രവർത്തനലാഭം ഉണ്ടാക്കിയിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | ജില്ലാ സഹകരണ ബാങ്കുകളെ (ഡി) ലയിപ്പിക്കണമെങ്കിൽ ഇതിലെ അംഗങ്ങളുടെ മൂന്നിൽ രണ്ടു ഭാഗം പേരുടെ രേഖാമൂലമുള്ള അനുമതി ആവശ്യമാണോ; എങ്കിൽ അതു ലഭിക്കുമെന്ന് ഉറപ്പുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സംയോജിപ്പിച്ച് പുതിയ കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്ന ഘട്ടത്തിൽ, ഈ വിഷയത്തിൽ ഉൾപ്പെട്ടിട്ടുള്ള നിയമപ്രശ്നങ്ങൾ പ്രത്യേകം പരിശോധിക്കുന്നതാണ്. ഇതിനായി ഒരു ലീഗൽ സെൽ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ